**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4976** **04-07-2024 - ൽ മറുപടിയ്ക്ക്**

**തൃപ്പൂണിത്തുറയിലെ ഇരുമ്പ് പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തൃപ്പൂണിത്തുറ നഗരത്തെ കൊച്ചി നഗരസഭയുമായി ബന്ധിപ്പിക്കുന്ന ഇരുമ്പ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഇരുമ്പ് പാലം പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണെന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്നും വ്യക്തമാക്കാമോ; | (ബി) | ഏറ്റെടുക്കേണ്ട ഭൂമിയുടെ അതിർത്തി നിശ്ചയിക്കുന്നതിനുള്ള അതിർത്തി കല്ല് സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. അതിർത്തികല്ലുകൾ സ്ഥാപിച്ച് തഹസിൽദാരുടെ കാര്യാലയത്തിൽനിന്നും ഭൂമി അളന്ന് തിട്ടപ്പെടുത്തിയതിന് ശേഷം തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കും. |
| (സി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ? | (സി) | സ്ഥലം ഏറ്റെടുത്തതിന് ശേഷം തുടർനടപടികൾ സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ